# ജമാഅത്തെ ഇസ്‌ലാമി
# വനിതാ സമ്മേളന പ്രമേയങ്ങൾ

## 1
## സംവരണം, സ്ത്രീസംവരണം പരിഷ്കരണം അനിവാര്യം

മത ജാതി വിഭാഗങ്ങളുടെയും ഭാഷ-വർഗ-വർണ സമൂഹങ്ങളുടെയും വൈപുല്യവും വൈജാത്യവുംകൊണ്ട് സമ്പന്നമാണ് ഇന്ത്യ. ഈ വ്യത്യസ്തതകളാണ് ഇന്ത്യൻ സംസ്കാരത്തിന്റെ സൗന്ദര്യ ചേരുവ. എല്ലാവിധ വ്യത്യസ്തങ്ങൾക്കിടയിലും നാം ഉയർത്തിപ്പിടിക്കുന്ന ഐക്യമാണ് നമ്മുടെ രാജ്യത്തിന്റെ യഥാർഥ കരുത്ത്.

എന്നാൽ പ്രയോഗതലത്തിൽ ഈ വൈജാത്യങ്ങൾ മേൽ-കീഴ് കോയ്മകൾക്ക് കാരണമായിട്ടുണ്ട്. ചരിത്രപരവും വിശ്വാസാചാരപരവുമായ കാരണങ്ങളാൽ പിന്നാക്കം നിർത്തപ്പെട്ടവർ മുന്നാക്കക്കാരാൽ അവഗണനക്കും ചൂഷണങ്ങൾക്കും വിധേയരായി. സാമൂഹിക മണ്ഡലങ്ങളിൽനിന്നും അധികാരകേന്ദ്രങ്ങളിൽനിന്നും അവർ അകറ്റിനിർത്തപ്പെട്ടു.

ഈ വസ്തുത പരിഗണിച്ചുകൊണ്ട് തന്നെയാണ് ഭരണഘടനാ ശിൽപികൾ നമ്മുടെ ഭരണഘടനക്ക് രൂപം നൽകിയിരിക്കുന്നത്. പട്ടികജാതി-പട്ടികവർഗങ്ങൾ, മറ്റു പിന്നാക്ക വിഭാഗങ്ങൾ, മത-ഭാഷാ ന്യൂനപക്ഷങ്ങൾ എന്നിങ്ങനെ വിവിധ പിന്നാക്ക വിഭാഗങ്ങൾക്ക് ഭരണത്തിലും വിദ്യാഭ്യാസത്തിലും ആനുപാതിക പ്രാതിനിധ്യം ലഭിക്കുന്ന തരത്തിൽ സംവരണം വ്യവസ്ഥ ചെയ്തിരിക്കുന്നത് ഈ യാഥാർഥ്യബോധം കാരണമാണ്.

ഈ ദിശയിലെ വിപ്ലവകരമായ പുതിയ കാൽവെപ്പാണ് സ്ത്രീസംവരണം. പഞ്ചായത്തിരാജ് സ്ഥാപനങ്ങളിൽ 33 ശതമാനം സംവരണം സ്ത്രീകൾക്ക് നീക്കിവെച്ചത് കഴിഞ്ഞ വർഷം 50 ശതമാനം ആക്കി ഉയർത്തിയിരിക്കുന്നു. പാർലമെന്റിലും നിയമസഭകളിലും കൂടി സ്ത്രീകൾക്ക് 33 ശതമാനം സംവരണം നൽകാനുദ്ദേശിക്കുന്ന ബിൽ പാർലമെന്റിന്റെ മേശപ്പുറത്തുണ്ട്.

ജനസംഖ്യയിലെ പകുതിയിലേറെ വരുന്ന സ്ത്രീസമൂഹം എല്ലാ രംഗങ്ങളിലും അവഗണിക്കപ്പെടുന്ന അവസ്ഥയാണ് ഇന്ത്യയിലുള്ളത്. സമൂഹത്തിൽ ക്രിയാത്മകമായ പങ്ക് നിർവഹിക്കാനുതകുംവിധം സ്ത്രീകളെ ശാക്തീകരിക്കുകയും

അവരെ മുഖ്യധാരയിലേക്ക് കൈ പിടിച്ചുയർത്തുകയും ചെയ്യുന്നത് പ്രോത്സാഹനാർഹമാണ്.

സംവരണം കൂടുതൽ അർഥവത്താക്കിമാറ്റുന്നതിന് കേരള വനിതാസമ്മേളനം താഴെ പറയുന്ന നിർദേശങ്ങൾ മുന്നോട്ട് വെക്കുന്നു.

1. പാർലമെന്റിലും നിയമസഭകളിലും സ്ത്രീകൾക്ക് 33 ശതമാനം സീറ്റുകൾ സംവരണം ചെയ്യുന്ന നിർദിഷ്ട ബില്ലിൽ പിന്നാക്ക-ന്യൂനപക്ഷ വിഭാഗങ്ങൾക്ക് ജനസംഖ്യാനുപാതികമായി ഉപസംവരണം ഏർപ്പെടുത്തണം.

2. പഞ്ചായത്തിരാജ് സ്ഥാപനങ്ങളിൽ 50 ശതമാനം സീറ്റുകൾ സ്ത്രീകൾക്ക് സംവരണം ചെയ്യുന്ന നിയമത്തിൽ ഭേദഗതി വരുത്തി പിന്നാക്ക ന്യൂനപക്ഷ വിഭാഗങ്ങൾക്ക് ഉപസംവരണം ഏർപ്പെടുത്തണം.

3. സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നാക്കം നിൽക്കുന്ന ജനവിഭാഗങ്ങളെ ഭരണത്തിലും അധികാരത്തിലും പങ്ക് കൊടുത്ത് മുഖ്യധാരയിലേക്കുയർത്താനുള്ള താൽക്കാലിക സംവിധാനമായ സംവരണത്തിൽ സാമ്പത്തിക മാനദണ്ഡം കൂടി ഉൾച്ചേർത്ത് അട്ടിമറിക്കാനുള്ള ശ്രമങ്ങൾ തടയപ്പെടണം. സാമ്പത്തികമായി അവശതയനുഭവിക്കുന്നവർക്ക് പിന്നാക്ക-മുന്നാക്ക പരിഗണനകളില്ലാതെ പ്രത്യേക ക്ഷേമപദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുകയാണ് വേണ്ടത്.

4. മതന്യൂനപക്ഷങ്ങളുടെ പ്രശ്നങ്ങൾ പഠിക്കാൻ നിയോഗിച്ച ജ. രംഗനാഥ മിശ്ര കമീഷന്റെ നിർദേശങ്ങൾ എത്രയും പെട്ടെന്ന് നടപ്പാക്കണം. മുസ്‌ലിം സമൂഹത്തിന്റെ സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ പ്രശ്നങ്ങൾ കണ്ടെത്തിയ സച്ചാർ സമിതിയുടെയും അതിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ രൂപീകരിച്ച പാലോളി കമ്മിറ്റിയുടെയും നിർദേശങ്ങൾ സത്വരം നടപ്പിൽ വരുത്തണം. ■

2

# മുസ്‌ലിം വ്യക്തിനിയമം ക്രോഡീകരിക്കുക; അപാകതകൾ പരിഹരിക്കുക

വ്യത്യസ്ത മതവിഭാഗങ്ങൾക്ക് അവരുടെ വ്യക്തിനിയമങ്ങൾ പുലർത്താൻ അവകാശം ലഭിക്കുന്നുവെന്നത് ഇന്ത്യൻ ജനാധിപത്യത്തിന്റെ വലിയൊരു പ്രത്യേകതയാണ്. മുസ്‌ലിംകൾക്ക് വിവാഹം, വിവാഹമോചനം, അനന്തരാവകാശം, തുടങ്ങിയ കാര്യങ്ങളിൽ ശരീഅത്ത് അനുസരിച്ച് തീർപ്പ് കൽപിക്കാൻ ഭരണഘടന അനുവാദം നൽകുന്നു.

എന്നാൽ പ്രസ്തുത വിഷയങ്ങളിൽ ശരീഅത്ത് നിയമങ്ങൾ വിശദമായി ക്രോഡീകരിക്കപ്പെട്ടിട്ടില്ലാത്തതിനാൽ പലപ്പോഴും പല അനർഥങ്ങളും സംഭവിക്കുന്നുണ്ട്. ചിലപ്പോൾ ഖുർആനും സുന്നത്തും വേണ്ടവിധം മനസ്സിലാക്കാത്ത കോടതികൾ സ്വന്തം നിലയിൽ അവയെ വ്യാഖ്യാനിക്കുന്ന അവസ്ഥ നിലവിലുണ്ട്. മറ്റു ചിലപ്പോൾ പൊതുനിയമങ്ങളുടെ താൽപര്യങ്ങൾക്കനുസാരമായി ശരീഅത്തിനെ മറികടക്കാനുള്ള പ്രവണതയുമുണ്ട്. ശരീഅത്ത് നിയമങ്ങൾ വ്യക്തമായി ക്രോഡീകരിക്കുക എന്നതാണ് ഇതിന്റെ പോംവഴി.

വിശുദ്ധഖുർആന്റെയും സുന്നത്തിന്റെയും കൽപനകൾക്കെതിരായ പല നടപടിക്രമങ്ങളും ഇന്ത്യയിലെ മുസ്‌ലിം വ്യക്തിനിയമത്തിൽ ഇന്ന് സാധുവായി പരി

ഗണിക്കപ്പെട്ടുപോരുന്നുണ്ട്. ബഹുഭാര്യാത്വത്തിന്റെ ദുരുപയോഗം, അന്യായമായ വിവാഹമോചനം, മുത്ത്അ വിവാഹം, ചടങ്ങു വിവാഹം, മുത്ത്വലാഖ് തുടങ്ങിയവ ഇതിന്റെ വ്യക്തമായ ഉദാഹരണങ്ങളാണ്. പൊതുമൂല്യങ്ങൾക്കും ശരീഅത്തിന്റെ അംഗീകൃത നിയമ-നിർദേശങ്ങളുടെ ചൈതന്യത്തിനുമെതിരായ ഇത്തരം സമ്പ്രദായങ്ങൾ സമുദായത്തിന്റെ മുഖം വികൃതമാക്കുന്നതാണ്. ഖുർആന്റെയും പ്രവാചക ചര്യയുടെയും ആത്മാവിനും ചൈതന്യത്തിനുമൊത്ത് ഇസ്‌ലാമിന്റെ നൈതിക-മനുഷ്യാവകാശ മൂല്യങ്ങളെ ഉയർത്തിപ്പിടിക്കുന്ന തരത്തിൽ മുസ്‌ലിം വ്യക്തിനിയമം പുനഃക്രോഡീകരിക്കണമെന്ന് ഈ സമ്മേളനം ആവശ്യപ്പെടുന്നു.

ഈ വിഷയത്തിൽ മദ്ഹബുകളുമായി ബന്ധപ്പെട്ട സങ്കീർണതകളിൽ പരമാവധി സമവായം കണ്ടെത്തി, അപാകതകളും അബദ്ധങ്ങളുമില്ലാത്ത ഖുർആന്റെയും നബിചര്യയുടെയും അടിസ്ഥാനത്തിൽ മുസ്‌ലിം വ്യക്തിനിയമം വിശദമായി ആവിഷ്കരിച്ച് കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കണമെന്ന് മുസ്‌ലിം നിയമജ്ഞരോടും പണ്ഡിത സമൂഹത്തോടും വിശിഷ്യാ ആൾ ഇന്ത്യാ മുസ്‌ലിം പേഴ്സണൽ ലോ ബോർഡിനോടും ഈ സമ്മേളനം അഭ്യർഥിക്കുന്നു. ■

## 3

# സ്ത്രീധനത്തിനെതിരെ കർമരംഗത്തിറങ്ങുക

മനുഷ്യന് ജൈവികമായും സാമൂഹികമായും നിലനിൽപ് സാധ്യമാക്കുന്ന സ്ഥാപനമാണ് കുടുംബം. ഭദ്രമായ വൈവാഹിക ബന്ധങ്ങളാണ് കുടുംബജീവിതത്തിന്റെ അടിത്തറ. സ്നേഹത്തിലും കാരുണ്യത്തിലും ഇഴചേർത്തെടുക്കുന്ന വൈവാഹിക ബന്ധങ്ങളിലൂടെ മാത്രമേ സുഭദ്രമായ കുടുംബത്തിന്റെ നിർമിതിയും അതുവഴി സുശക്തമായ സമൂഹത്തിന്റെ സൃഷ്ടിപ്പും സാധ്യമാവുകയുള്ളൂ.

വിവാഹത്തെയും കുടുംബജീവിതത്തെയും പ്രകാശമാനമാക്കേണ്ട ആത്മീയ മൂല്യങ്ങൾ വിനഷ്ടമാവുകയും ആർത്തിയും ദുരയും കേവല സാമ്പത്തിക പരിഗണനകളും മനുഷ്യബന്ധങ്ങളെ നിർണയിക്കാൻ തുടങ്ങുകയും ചെയ്തതിന്റെ ദുരന്തഫലങ്ങൾ ഇതര സമൂഹങ്ങളെപ്പോലെ കേരളീയ സമൂഹവും നേരിട്ടുകൊണ്ടിരിക്കുകയാണ്.

വിപണിനിലവാരത്തിനനുസരിച്ച് കുതിച്ചുയരുന്ന സ്ത്രീധനനിരക്ക്, സ്ത്രീ കേവലം വിൽപനചരക്കാണെന്ന തുറന്ന പ്രഖ്യാപനമാണ്. വിവാഹത്തോടനുബന്ധിച്ച് വളർന്നുവന്നിരിക്കുന്ന ആർഭാടവും പൊങ്ങച്ചവും കാരണം സാധാരണകുടുംബങ്ങളിൽ പെൺകുട്ടികളുടെ വിവാഹം പേടിസ്വപ്നമായി മാറിയിരിക്കുന്നു.

വിവാഹപ്രായം കഴിഞ്ഞിട്ടും അവിവാഹിതരായി തുടരുന്ന പെൺകുട്ടികളുടെ എണ്ണം വർധിച്ചുവരുന്നു. കുടുംബശൈഥില്യവും വിവാഹമോചനവും വിവാഹമോചനം പോലും നടക്കാതെ ഉപേക്ഷിക്കപ്പെടുന്ന പെൺകുട്ടികളുടെ എണ്ണവും പെരുകിവരുന്നു. ഇത് നൽകുന്ന സൂചന സ്ത്രീകളനുഭവിക്കുന്ന ദുരിതങ്ങളിലേക്കു മാത്രമല്ല, സാമൂഹികമായും സാംസ്കാരികമായും നിലനിൽപിന് അർഹത നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു സമൂഹത്തിലേക്കുതന്നെയാണ്.

കുടുംബബന്ധങ്ങളുടെ പവിത്രതയെക്കുറിച്ചും സ്ത്രീത്വത്തിന്റെ മഹത്വത്തെ

ക്കുറിച്ചും എല്ലാമതങ്ങളും ഉദ്ബോദിപ്പിക്കുമ്പോഴും മതവിശ്വാസങ്ങൾക്കും ദർശനങ്ങൾക്കും ഏറെ സ്വാധീനമുള്ള നമ്മുടെ സമൂഹത്തിൽ ഈ സ്ഥിതി നിലനിൽക്കുന്നുവെന്നത് ഏറേ വേദനാജനകമാണ്. മത-സാമൂഹിക-സാംസ്കാരിക നേതൃത്വം ഈ മേഖലയിൽ സവിശേഷ ശ്രദ്ധ നൽകണമെന്ന് ഈ സമ്മേളനം ശക്തമായി ആവശ്യപ്പെടുന്നു. വിപ്ലവബോധമുള്ള യുവാക്കൾക്കും യുവജനപ്രസ്ഥാനങ്ങൾക്കും, പ്രായോഗിക മാതൃകകൾ സൃഷ്ടിച്ച് സമൂഹത്തിന് ദിശാബോധം നൽകാനുള്ള ബാധ്യതയുണ്ട്

സ്ത്രീകൾ അനുഭവിക്കുന്ന ദുരിതങ്ങൾക്ക് അറുതിവരുത്താൻ ആദ്യമായി മുന്നിട്ടിറങ്ങേണ്ടത് സ്ത്രീസമൂഹം തന്നെയാണ്. വിവാഹത്തോടനുബന്ധിച്ച് നിലനിൽക്കുന്ന അനാചാരങ്ങൾക്കെതിരെ ശക്തമായി രംഗത്ത് വരണമെന്നും സ്വന്തം മകനിലൂടെയും സഹോദരനിലൂടെയും കർമമാതൃകകൾ സൃഷ്ടിച്ചുകൊണ്ട് സ്ത്രീധനവിരുദ്ധ പോരാട്ടത്തിൽ പങ്കാളിയാകണമെന്നും എല്ലാ സഹോദരിമാരോടും ഈ സമ്മേളനം ആവശ്യപ്പെടുന്നു. ■

4

## ധാർമിക സദാചാര മൂല്യങ്ങൾ വീണ്ടെടുക്കുക

മനുഷ്യസംസ്കാരത്തിന്റെ അടിത്തറയാണ് ധാർമികത. ബോധപൂർവം തെരഞ്ഞെടുത്ത് അനുഷ്ഠിക്കുന്ന ധാർമിക സദാചാര സീമകളാണ് മനുഷ്യനെ ഇതര ജീവജാലങ്ങളിൽനിന്ന് വ്യത്യസ്തമാക്കുന്ന മുഖ്യഘടകം. ഇവ വ്യക്തിയെ സംസ്കാര സമ്പന്നനാക്കി മാറ്റുകയും സമൂഹത്തിന്റെ ആരോഗ്യകരമായ നിലനിൽപിന് അനിവാര്യമായ സഹവർത്തിത്വം ഉറപ്പുവരുത്തുകയും ചെയ്യുന്നു. ധാർമിക സദാചാര തകർച്ചയാണ് സംസ്കാരങ്ങളുടെ പതനത്തിന് വഴിവെച്ചതെന്നതിന് ചരിത്രം സാക്ഷിയാണ്.

ഇത്തരമൊരു പതനത്തിന്റെ വക്കിലാണ് നാം എത്തിനിൽക്കുന്നതെന്ന ആശങ്കയുണർത്തുന്നതാണ് സമകാലിക അവസ്ഥ. അശ്ലീലതയും നിർലജ്ജതയും സർവവ്യാപിയായിരിക്കുന്നു. സ്വവർഗരതി പോലുള്ള വൈകൃതങ്ങൾക്ക് ദാർശനിക പിന്തുണയും നിയമസംരക്ഷണവും നൽകപ്പെടുന്നു. കുടുംബബന്ധങ്ങൾ ശിഥിലമാക്കുന്നതിൽ മുഖ്യപങ്ക് വഹിക്കുന്ന മദ്യപാനത്തിന് ഭരണകൂടം തന്നെ സർവ പ്രോത്സാഹനവും നൽകുന്നു. ആഘോഷവേളകളിൽ കേരളം കുടിച്ചു തീർക്കുന്ന കോടികളുടെ കണക്കുകൾ മാത്രം മതി നാം അഭിമുഖീകരിക്കുന്ന സാമൂഹിക ദുരന്തത്തിന്റെ ആഴമറിയാൻ.

വിപണി സാധ്യതകളെ ശരിതെറ്റുകളുടെ അന്തിമമാനദണ്ഡമായിക്കാണുന്ന മുതലാളിത്ത ദർശനത്തിന്റെ പിടിമുറുക്കവും സാമൂഹിക തിന്മകൾക്ക് സാംസ്കാരിക വൈവിധ്യങ്ങളുടെ വർണപ്പൊലിമ നൽകുന്ന ഉത്തരാധുനിക ചിന്തകളും ഒരേ പോലെ ഈ ദുരന്തത്തിന് ആക്കം കൂട്ടുകയാണെന്ന് നാം തിരിച്ചറിയണം. മനുഷ്യമഹത്വം അംഗീകരിക്കുകയും അവന്റെ മനസ്സിന്റെ നന്മകളെ സമൂഹസൃഷ്ടിയുടെ അടിത്തറയായി കാണുകയും ചെയ്യുന്ന മത-ആത്മീയ-സനാതന മൂല്യങ്ങൾക്ക് വ്യക്തിജീവിതത്തിലും സാമൂഹിക മണ്ഡലങ്ങളിലും ഇടം നൽകിക്കൊണ്ട് മാത്രമേ ഈ പ്രതിസന്ധി മിറകടക്കുക സാധ്യമാവുകയുള്ളൂ. ഇത്തരമൊരു പുനർവിചിന്തനത്തിന് കേരളീയസമൂഹം സന്നദ്ധമാവണമെന്ന് ഈ സമ്മേളനം ഗൗരവപൂർവം ആവശ്യപ്പെടുന്നു. ■